# ജനനി



ജി എച്ച് എസ് കുഴൂർ

2023-2024



പ്രിയപ്പെട്ട കുട്ടികളെ,

കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് ഒമ്പതാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാസികയ്ക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.
എഴുത്തും വായനയും വരയും എല്ലാം ഡിജിറ്റൽ മേഖലയിലേക്ക് വഴിമാറിയ ഈ കാലത്ത് ഇങ്ങനെയൊരു മാസിക പിറവി കൊള്ളുന്നതിൽ ഏറെ സന്തോഷമുണ്ട് .നിങ്ങളുടെ ഉള്ളിൽ ഒളിഞ്ഞുകിടക്കുന്ന സർഗ്ഗശേഷികൾ മുളപൊട്ടി വിടരാൻ ഈ ഡിജിറ്റൽ മാസിക നിമിത്തം ആകട്ടെ.

ആശംസകൾ

സ്നേഹത്തോടെ

ഹെഡ്മിസ്ട്രസ്

: സരസു കെഎസ്

. ആശംസകൾ

. ആമുഖം

. ഐതിഹ്യം

. കേരളപ്പിറവിയുടെ ചരിത്രം

. കേരളം രൂപവൽക്കരിച്ചത്

. കേരളം ഭൂപ്രകൃതി

. കേരളത്തിലെ ജില്ലകൾ

. കൃഷിയുടെ ചരിത്രം

. കേരളത്തിലെ നദികൾ

.കേരളത്തിലെ പ്രമുഖർ

. കേരളീയ തനത് കലകൾ

. കേരളീയ ആഘോഷങ്ങൾ

. പഴഞ്ചൊല്ലുകൾ

.കേരളത്തിലെ വിനോദസഞ്ചാരം

# ആമുഖം

ഇന്ത്യയുടെ തെക്ക പടിഞ്ഞാറു
കിടക്കുന്ന നമ്മുടെ കൊച്ചു
കേരളത്തിന്റെ ഉൽപത്തിയെ
ക്കുറിച്ച് ഒരു ഐതിഹ്യ
കഥയുണ്ട് .
ജമദഗ്നി മഹർഷിയുടെ പുത്രൻ
രാമനായി മഹാവിഷ്ണു
അവതരിച്ചു. ശിവ ഭക്തനും
വീരശൂര പരാക്രമിയുമായ
രാമൻ
തന്റെ ആയുധമായ പരശു
മഴുവിന്റെ പേരും ചേർത്ത്
പരശുരാമൻ എന്നറിയപ്പെടുന്നു.
നാട്ടിൽ സന്തോഷവും
സമാധാനവും
നിലനിർത്തുന്നതിനായി 21
പ്രാവശ്യം ക്ഷത്രിയരുമായി
ഘോരയുദ്ധം ചെയ്ത് അവരെ
വധിച്ചു.
അതിനുശേഷം തനിക്ക്
തപസ്സിരിക്കാൻ ഒരു സ്ഥലം
തേടി പശ്ചിമഘട്ടത്തിലെ
കരിനില വനപ്രദേശം..അവിടെ
വരുണ ദേവൻ പരശുരാമന്
മുമ്പിൽ  പ്രത്യക്ഷനായി
കടലിൽ പരശു എറിഞ്ഞു ഭൂമി
എടുത്തുകൊള്ളാൻ പറഞ്ഞു
അങ്ങനെ അറബിക്കടലിൽ
പരശുരാമൻ മഴു എറിഞ്ഞു
ഉണ്ടായതാണ് കേരളം.

# ഒരു കുടയും കുഞ്ഞുപെങ്ങളും

## മുട്ടത്തുവർക്കി

56-ാം പതിപ്പ്



വായനാക്കുറിപ്പ്

സാദിക ദിലീപ്

ഈ അവധിക്കാലത്ത് ഞാൻ വായിച്ച കഥകളിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് മുട്ടത്തു വർക്കിയുടെ 'ഒരു കുടയും കുഞ്ഞുപെങ്ങളും എന്ന ചെറുകഥയാണ്. മധ്യകേരളത്തിലെ സാധാരണക്കാരുടെ ജീവിതം ഹൃദയസ്പർശിയായി ആവിഷ്കരിച്ച വ്യക്തിയാണ് മുട്ടത്തു വർക്കി . മധ്യകേരളത്തിലെ സാധാരണക്കാരായ മനുഷ്യരുടെ ജീവിതം അവലംബിച്ച് സാഹിത്യരചന നടത്തിയ മുട്ടത്തു വർക്കിയാണ് മലയാള സാഹിത്യത്തെ ജനകീയവത്കരിച്ചത 1915 ഏപ്രിൽ 28-ന് കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരിയിൽ ചെത്തിപ്പുഴ ഗ്രാമത്തിൽ ജനിച്ചു. സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം നേടിയ അദ്ദേഹം ജീവിതത്തിൽ അധ്യാപകനായും പത്രാധിപനായും ജീവിച്ചു. എന്നാൽ തന്റെ ജീവിതത്തിൽ 26 വർഷത്തോളം ദീപികയ്ക്കു വേണ്ടി പത്രാധിപനായി ജോലി ചെയ്തു. " ഒരു കുടയും കുഞ്ഞുപെങ്ങളും, ഇണപ്രാവുകൾ, രാത്രികളുടെ രാത്രി, പ്രിയമുള്ള സോഫിയാ, പാടാത്ത പൈങ്കിളി, ഫിഡിൽ, മയിലാടും കുന്ന്

എന്നിങ്ങനെ നിരവധി നോവലുകൾ ചെറുക ഥാസമാഹാരങ്ങൾ : അടയാളങ്ങൾ, ഇരുളും വെളിച്ചവും, മഴക്കാറുകൾ എന്നിങ്ങനെ നിരവധി കഥാസമാഹാരങ്ങൾ. അദ്ദേഹത്തിന്റെ പാടാത്ത പൈങ്കിളി എന്ന ചലച്ചിത്രത്തിന് പ്രസിഡന്റിന്റെ വെള്ളിമെഡൽ ലഭിച്ചു. തിരുവനന്തപുരം കൊട്ടാരത്തിൽ വിളിച്ചു വരുത്തി ശ്രീചിത്തിര തിരുനാൾ ബാലരാമവർമ്മ അദ്ദേഹത്തെ അഭിനന്ദിച്ചു. മലയാള മണ്ണിലെ പച്ചയായ മനുഷ്യരുടെ ഹൃദയത്തുടിപ്പുകൾ കുറിച്ചിട്ട മുട്ടത്തു വർക്കി 1980 മെയ് 28-ന് ഇഹലോകവാസം വെടിഞ്ഞു

ഏറെ ജനപ്രിയം നേടിയ ചെറുകഥയാണ് ഒരു കുടയും കുഞ്ഞുപെങ്ങളും. പുതിയ കാലഘട്ടത്തിലെ കഥയല്ല പഴയകാലത്തെ കഥയാണിത്. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഇഷ്ടപ്പെടുന്ന കഥയാണ്. ലില്ലി, ബേബി, ജോയ്, മോളി, ഗോപി, ഗ്രേയ്സി, സൗദാമിനി, ഡോക്ടർ ജോസ ശോശ്ശാമ്മ, പേരമ്മ എന്നിവരാണ് ഈ കഥയിലെ കലപാത്രങ്ങൾ ഈ കഥയിൽ രണ്ട് സഹോദരങ്ങളുടെ

സ്നേഹബന്ധമാണ് ആവിഷ്കരിക്കുന്നത് .തന്റെ സഹോദരിയായ ലില്ലിക്ക് ഒരു കുട വാങ്ങി കൊടുക്കാനായി കഷ്ടപ്പെടുന്ന ബേബിയെയാണ് ഈ കഥ പ്രതിഫലിപ്പിക്കുന്നത്.ഇതിൽ നിന്ന് തന്നെ നമുക്ക് മനസ്സിലാക്കാം ലില്ലിയും ബേബിയും തമ്മിലുള്ള സ്നേഹബന്ധം. ബേബി അവിടെ ഉണ്ടാക്കിയ പ്രശ്നത്തെത്തുടർന്ന് അവൻ അവിടം വിട്ടു. പിന്നെ അവന് നേരിടേണ്ടി വന്നത് കഷ്ടപ്പാടുകൾ ആണ്. കുട വാങ്ങുന്നതിനായി അവൻ കൂട്ടി വച്ച പണം അവന് നഷ്ടമായി. പിന്നെ അവൻ ഗോപി -സൗദാമിനി ദമ്പതികളുടെ വീട്ടിൽ ജോലിക്കാരനായി ജിവിച്ചു. അവിടുത്തെ സൗദാമിനി അവനെ സ്വന്തം അനിയനെപ്പോലെയാണ് കാണുന്നത്. പേരമ്മയുടെ ദേഷ്യം സഹിക്കവയ്യാതെ ലില്ലി വീട്ടിൽ നിന്ന് ഓടിപ്പോയി അപ്പോൾ അവളെ ഡോക്ടർ ജോണും ശോശ്ശാമ്മയും സ്വന്തം മകളായി സ്വീകരിച്ചു. അവർ ബേബിയെ കണ്ടെത്താൻ കുറെ ശ്രമിച്ചു. എന്നാൽ കണ്ടെത്താനായില്ല ബേബി അവിടെ ബാലൻ എന്ന പേരിലാണ് കഴിയുന്നത്. സൗദാമിനി ഡോക്ടർ ജോണിന്റെ വീട്ടിൽ ലില്ലിയെയും.

ഉണ്ട്. എന്നാൽ അവൻ ലില്ലിയെ തിരിച്ചറിഞ്ഞില്ല. അതിനിടെ ലില്ലിയെ കാറിൽ ഒരു മിന്നായം പോലെ കണ്ടു. പിന്നെ അവൻ നഗരവീഥികളിലും നാട്ടിലുമെല്ലാം ലില്ലിയെ തേടിയലഞ്ഞു. കഥയുടെ അവസാനം ലില്ലിയും ബേബിയും ഒന്നിക്കുന്നു. അവസാനം ആരാണോ ലില്ലിയെ കുടയിൽ കയറ്റാതെയിരുന്നത് അതേ ജോയ്സി തന്നെ ലില്ലിക്ക് വർഷങ്ങൾക്കു ശേഷം കുട വാങ്ങിക്കൊടുത്തു കഥയിലുടനീളം ദുഖത്തിലാഴ്ന്നു പോകുന്ന ഒരവസ്ഥയിലേക്കാണ് വായനക്കാരെ കഥാകൃത്ത് കൊണ്ടുപോവുന്നത്. എന്നാൽ അവസാനിക്കുന്നത് സന്തോഷത്തിലും. ഒരു ബാലസാഹിത്യ കൃതിയായിട്ടാ ണ് ഒരു കുടയും കുഞ്ഞുപെങ്ങളും' എന്ന ചെറുകഥ പരിഗണിക്കുന്നതെങ്കിലും മുതിർന്നവർക്കും ആസ്വദിക്കാൻ തക്ക വിധത്തിലാണ് രചിച്ചിരിക്കുന്നത്.

# എന്റെ കേരളം

കേരളംഎന്നൊരു മൂന്നക്ഷരം
അതിൽ തെളിയുന്നു കേളിതൻ മഹാത്മ്യവും
അഴകിലവൾ സുന്ദരി വികൃതിയിൽ തീജ്വാല
പ്ലാസ്റ്റികിൻ മന്നിലവൾ വെറുമൊരു യാചിക
അഴകിന്റെ ഭാവനകൾ പറയുവാനാണെങ്കിൽ
സുന്ദരം സുന്ദരം ബഹുസുന്ദരം
കേരനിരകളാൽ സമ്പന്നമാണവൾ കൗമാരപ്രായത്തിൽ
സൃഷ്ടിയല്ലോ
പൂമ്പാറ്റകളും തുമ്പികളും പാറിനടക്കും സ്വർഗ്ഗത്തിൽ
മലിനമാം ശത്രുവായ് വന്നിന്ന്
കൂട്ടിലടച്ചു എൻ സ്വർഗ്ഗം..
ഓണപ്പാട്ടിൻ നാടാണ്
കഥകളിയാടും നാടാണ്
തീരം ചുറ്റും പൂമ്പാറ്റക്ക്
അതിരുകളില്ലാ എൻ സ്വർഗ്ഗം.
പൂനിലാവിൽ ഒഴുകുന്നു
കോട്ടം ഒന്നും തട്ടാതെ
ഉയരട്ടെ എൻ പൊൻ സ്വർഗ്ഗം

അഖില എ ആർ

# വൈക്കം മുഹമ്മദ് ബഷീർ

വൈക്കം താലൂക്കിലുൾപ്പെട്ട തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. പിതാവ് കായി അബ്ദുറഹ്മാൻ, മാതാവ് കുഞ്ഞാത്തുമ്മ. ഇവരുടെ ആറുമക്കളിൽ മൂത്തയാളായിരുന്നു ബഷീർ. അബ്ദുൾഖാദർ, പാത്തുമ്മ, ഹനീഫ, ആനമ്മ, അബൂബക്കർ എന്നിവരായിരുന്നു സഹോദരങ്ങൾ. ഇവരാരും ഇന്നു ജീവിച്ചിരിപ്പില്ല. പ്രാഥമികവിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലുമായിരുന്നു.

രസകരവും സാഹസികവുമായിരുന്നു ബഷീറിന്റെ ജീവിതം. സ്കൂൾ പഠനകാലത്ത്(അഞ്ചാം ക്ലാസ്സ്) കേരളത്തിലെത്തിയ ഗാന്ധിജിയെക്കാണാൻ വീട്ടിൽനിന്ന് ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. കാൽനടയായി എറണാകുളത്തുചെന്നു കാളവണ്ടികയറി കോഴിക്കോടെത്തിയ ബഷീർ, സ്വാതന്ത്ര്യസമരരംഗത്തേക്ക് എടുത്തുചാടി. ഗാന്ധിജിയെത്തൊട്ടുവെന്ന് പിൽക്കാലത്തദ്ദേഹം അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്. 1930-ൽ കോഴിക്കോടുവച്ച്, ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. പിന്നീട് ഭഗത് സിംഗ് മാതൃകയിൽ തീവ്രവാദ സംഘമുണ്ടാക്കി. തീവ്രവാദസംഘടനയുടെ മുഖപത്രമായ ഉജ്ജീവനത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളാണ് ആദ്യകാലകൃതികൾ. 'പ്രഭ' എന്ന തൂലികാനാമമാണ് അന്നദ്ദേഹം സ്വീകരിച്ചിരുന്നത്. വാരിക പിന്നീടു കണ്ടുകിട്ടി . തുടർന്നു കുറേവർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു. അതിസാഹസികമായ ഈ കാലയളവിൽ, ബഷീർകെട്ടാത്ത വേഷങ്ങളില്ല. ഉത്തരേന്ത്യയിൽ ഹിന്ദു സന്ന്യാസിമാരുടെയും

സൂഫിമാരുടെയും‌കൂടെ ജീവിച്ചു. പാചകക്കാരനായും മാജിക്കുകാരന്റെ സഹായിയായും പലജോലികളും ചെയ്തു. അറബിനാടുകളിലും ആഫ്രിക്കയിലുമായി തുടർന്നുള്ള സഞ്ചാരം. ഏകദേശം ഒമ്പതു വർഷത്തോളം‌നീണ്ട ഈ യാത്രയിൽ, അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു, മനുഷ്യജീവിതത്തിന്റെ എല്ലാവശങ്ങളും - തീവ്രദാരിദ്ര്യവും, മനുഷ്യദുരയും നേരിട്ടുകണ്ടു. ബഷീറിന്റെ ജീവിതം‌തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യമെന്നു പറയാം. ഇതുപോലെ സ്വതന്ത്രമായി ലോകസഞ്ചാരം‌നടത്തിയ എഴുത്തുകാർ മലയാളസാഹിത്യത്തിൽ വിരളമാണെന്നു പറയാം. ലോകം‌ചുറ്റുന്നതിനിടയിൽക്കണ്ടെത്തിയ ഒട്ടേറെ ജീവിതസത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽക്കാണാം.

# മഴപ്പെണ്ണ്

നീ പഴുത്തപ്പോൾ ആണ്
ഞാൻ കണ്ണുകൾ തുറന്നു പുറത്തേക്ക് നോക്കിയത്.
നിൻ്റെ ശബ്ദം കേട്ടപ്പോഴാണ് എൻ്റെ
ഏകാന്തതയെന്നു. സമാധി തകർത്തു ഞാൻ പുറത്തു
നിൻ്റെ തണുപ്പിലാണ്- നേർത്തതെങ്കിലുമൊരു.
ചിരി എന്നിൽ വിരിഞ്ഞത്. മനസ്സിലും മാനത്തും നീ
പെയ്തു നിന്നപ്പോഴാണ് നിശബ്ദതയെ
മറികടന്നുഞാൻ



*VsAnitha*

# കേരള ക്വിസ്

*കോട്ടയത്ത് സിഎംഎസ് പ്രസ് സ്ഥാപിച്ചതാര് ?
ഉത്തരം :ബെഞ്ചമിൻ ബെയിലി
*കേരളത്തിൽ കാറ്റിൽ നിന്നും എത്ര മെഗാ അവാർഡ് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുന്നത്
ഉത്തരം :30മെഗാവാട്ട്
*കരകൗശല ഗ്രാമമായി സർക്കാർ 2007ൽ ഏറ്റെടുത്ത ഗ്രാമം?
ഉത്തരം :ഇരിങ്ങൽ
*സൈലന്റ് വാലി ദേശീയ ഉദ്യാനത്തിന് അകത്തു കൂടെ ഒഴുകുന്ന നദി ?
ഉത്തരം :കുന്തിപ്പുഴ
*ഇന്ത്യയിലാദ്യമായി കോവിഡ്  സ്ഥിരീകരിച്ചത് എവിടെ ?
ഉത്തരം :കേരളം
*കേരളവുമായി അതിർത്തി പങ്കിടുന്ന കേന്ദ്ര ഭരണ പ്രദേശം ?
ഉത്തരം :പോണ്ടിച്ചേരി
*പെരിയാർ വന്യജീവി സങ്കേതത്തിന് ആദ്യത്തെ പേര് ?
ഉത്തരം :നെല്ലിക്കാംപെട്ടി
*ഓടനാട് എന്നറിയപ്പെട്ടിരുന്ന നാട് ?
ഉത്തരം :കായംകുളം
*കേരള സംസ്ഥാനത്തിലെ വിസ്തീർണ്ണം ?
ഉത്തരം :38.863ചതുരശ്ര കിലോമീറ്റർ
*  ഇടവപ്പാതിയുടെ മറ്റൊരു പേര് ?
തെക്കുപടിഞ്ഞാറൻ മൺസൂൺ


നന്ദി